2473
4/2180

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ശ്രീ.മജീദ്.വി.മുഹമ്മദ്,റിട്ടയേർഡ് ഫോറസ്റ്റർ,ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം.) 618/2015 നമ്പർ കേസിലെ 27.06.2019-ലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.470/2019/F&WLD തീയതി,തിരുവനന്തപുരം, 21/11/2019

---

പരാമർശം:- 1 മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 09.09.2001-ലെ ME-2052/96 നമ്പർ ഉത്തരവ്.

2 കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 31.07.2014-ലെ സി6-23-24/13 നമ്പർ ഉത്തരവ്.

3
സ.ഉ.(സാധാ) നം.96/2015/വനം തീയതി 10.03.2015

4 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇ.കെ.എം.) 618/15-ലെ 27.06.2019-ലെ വിധിന്യായം

ഉത്തരവ്

കാന്തല്ലൂർ സ്റ്റേഷനിൽ ഫോറസ്റ്റ് ഗാർഡ് ആയി ജോലി നോക്കിയിരുന്ന ശ്രീ.മജീദ്. വി . മുഹമ്മദ്, വാറ്റിൽ തൊലി നീക്കം ചെയ്യുന്നതിന് ലക്ഷ്മി സ്റ്റാർച്ച് കമ്പനിയ്ക്ക് അനധികൃതമായി പാസ്സ് നൽകി കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയെന്നും അനധികൃതമായി വാറ്റിൽതൊലി കടത്തിക്കൊണ്ടുപോകാൻ സഹായിച്ചതുവഴി സർക്കാരിൽ 85,152/- രൂപയുടെ നഷ്ടം വരുത്തിയെന്നുമുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും 22.3.1996ൽ സസ്പെന്റ് ചെയ്തിരുന്നു. ടിയാന്റെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുവച്ചുകൊണ്ടും സസ്പെൻഷൻ കാലം അർഹതപ്പെട്ട

അവധിയായി ക്രമീകരിച്ചുകൊണ്ടും പരാമർശം ( 1 ) പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയുണ്ടായി. തുടർന്ന്സമർപ്പിച്ച അപ്പീൽ പരാമർശം (2)പ്രകാരം നിരസിച്ച് ഉത്തരവായി.

2) ഇതിനെതിരെ ടിയാൻ സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു. റിവ്യൂ ഹർജി പരിഗണിച്ച് ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞു വച്ച ശിക്ഷ ലഘൂകരിച്ച് ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് തടയുക എന്നാക്കുകയും , സർക്കാർ നഷ്ടമായ 85,271/- രൂപയിൽ നിന്നും 50% ടിയാനിൽ നിന്നും ബാക്കി തുക ടിയാനു അച്ചടക്ക നടപടി ഉത്തരവു നൽകുവാൻ താമസം വരുത്തിയതിന് കാരണക്കാരായ, മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും, ഇതിനനുസരിച്ച് ശ്രീ .മജീദ്.വി. മുഹമ്മദിന്റെ സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലാവധി ക്രമീകരിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ടും പരാമർ ശം (3)പ്രകാരം റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവായി.

3) ഈ ഉത്തവിനെതിരെ ശ്രീ.മജീദ്.വി.മുഹമ്മദ് ,റിട്ടയേർഡ് ഫോറസ്റ്റർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ. എ. (ഇ.കെ.എം. ) 618 / 2015 നമ്പർ കേസിലെ പരാമർശം(4)പ്രകാരമുള്ള വിധിന്യായത്തിൽ പരാമർശം(3)ലെ ഉത്തരവ് റദ്ദാക്കുകയും,ടിയാന്റെ സസ്പെൻഷൻ കാലയളവ് ശമ്പളം , അലവൻസിനും ഒഴികെ ബാക്കി എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കുവാനും ടിയാന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കിയ സർക്കാർ നഷ്ടത്തിന്റെ 50% തുക അതായത് 47,520/-രൂപ തിരികെ നൽകുവാനും, ഇപ്രകാരം ക്രമപ്പെടുത്തിയതിനുശേഷമുള്ള പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ മൂന്നുമാസത്തിനകം തിരികെ നൽകുവാനും ഉത്തരവായിട്ടുണ്ട് .

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.06.2019-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ശ്രീ . മജീദ് . വി . മുഹമ്മദ് ,റിട്ടയേർഡ് ഫോറസ്റ്ററിന്റെ

സസ്പെൻഷൻ കാലയളവ് ശമ്പളം , അലവൻസിനും ഒഴികെ ബാക്കി എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ടും ടിയാന്റെ ഡി . സി . ആർ . ജി . യിൽ നിന്നും ഈടാക്കിയ 47,520/- രൂപ തിരികെ നൽകുന്നതിനും ഇപ്രകാരം ക്രമപ്പെടുത്തിയതിനുശേഷമുള്ള പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി ടിയാന് തിരികെ നൽകുന്നതിനും ഇതിനാൽ ഉത്തരവാകുന്നു. ഇത് സംബന്ധിച്ച തുടർ നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ സമയബന്ധിതമായി സ്വീകരിക്കേണ്ടതും നടപടി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEELA.M
UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ബി8-37133/2014 ഫയൽ നമ്പർ പ്രകാരം)

ശ്രീ.മജീദ്.വി.മുഹമ്മദ്, റിട്ടയേർഡ് ഫോറസ്റ്റർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം, (ആമുഖ കത്ത് മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി/ വനം വന്യജീവി (പി.എസ്) വകുപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI
Date 2019.11.21 11:54
Reason Approved
സെക്ഷൻ ഓഫീസർ